**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - ബഡ്ജറ്റ് വിഹിതം 2020-21 - അഴൂർ ഗ്രാമ പഞ്ചായത്ത് - 2019-20 സാമ്പത്തിക വർഷം അനുവദിച്ച 12ാം ഗഡു തുകയും വിടവ് നികത്തൽ ഫണ്ട് അനുവദിച്ചതിന് ശേഷമുള്ള ബാക്കി തുകയും ട്രാസ്റ്റർ ക്രഡിറ്റ് ചെയ്യാൻ കഴിയാതിരുന്നതിനാൽ പുനഃരനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്. സി സെൽ - എ) വകുപ്പ്**

സ.ഉ.(സാധാ) നം. 6473/2020/ധന തീയതി, തിരുവനന്തപുരം., 09 നവംബർ 2020

---

പരാമർശം. 1) അഴൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 23/06/2020 ലെ കത്തുകൾ.
2) ട്രഷറി ഡയറക്ടറുടെ 20/10/2020-ലെ TRY/2888/2020-E2 നമ്പർ കത്ത്.

## ഉത്തരവ്

2019-20 സാമ്പത്തിക വർഷം അഴൂർ ഗ്രാമപഞ്ചായത്തിന് അനുവദിച്ച പൊതു ആവശ്യ ഫണ്ടിന്റെ 12ാം ഗഡു തുകയും വിടവ് നികത്തൽ ഫണ്ട് അനുവദിച്ചതിന് ശേഷമുള്ള ബാക്കി തുകയും ഉള്ള ബില്ലുകൾ മാർച്ച് അവസാനത്തിൽ ട്രഷറിയിൽ സമർപ്പിച്ചുവെങ്കിലും മാറി നൽകിയില്ലായെന്നും ടി തുകകൾ അനുവദിച്ച് നൽകണമെന്ന് അഴൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം സർക്കാരിന് അപേക്ഷിച്ചിട്ടുണ്ട്.

2) അഴൂർ ഗ്രാമ പഞ്ചായത്ത് കഴിഞ്ഞ സാമ്പത്തിക വർഷം സമർപ്പിച്ചിരുന്ന പൊതു ആവശ്യ ഫണ്ടിലെ 12ാം ഗഡു തുകയായ 10,90,700/- രൂപയുടെ ബില്ലും വിടവ് നികത്തൽ ഫണ്ട് അനുവദിച്ചതിന് ശേഷമുള്ള ബാക്കി തുകയായി അനുവദിച്ച 3,49,653/- രൂപയുടെമുള്ള ബില്ലും 31.03.2020 നകം ഇ സബ്മിറ്റ് ചെയ്തിരുന്നുവെങ്കിലും ആയതിന്റെ ഹാർഡ് കോപ്പി മാർച്ച് 31 ന് ശേഷമാണ് ട്രഷറിയിൽ സമർപ്പിച്ചതെന്നും ടി ബില്ലുകൾട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയിട്ടുള്ളതായും ട്രഷറി ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 2019-20 സാമ്പത്തിക വർഷം അഴൂർ ഗ്രാമ പഞ്ചായത്തിന് അനുവദിക്കുകയും എന്നാൽ പാസ്സാകാതെ ട്രഷറി ക്യൂവിലാകുകയും

ചെയ്ത പൊതു ആവശ്യ ഫണ്ടിലെ 12ാം ഗഡുവിന്റേയും വിടവ് നികത്തൽ ഫണ്ട് അനുവദിച്ചതിന് ശേഷമുള്ള ബാക്കി തുകയുടേയും ആകെ ബിൽ തുകയായ 14,40,353/- രൂപ (പതിനാല് ലക്ഷത്തി നാൽപതിനായിരത്തി മുന്നൂറ്റി അൻപത്തി മൂന്ന് രൂപ മാത്രം) 2020-21 ലെ പൊതു ആവശ്യ ഫണ്ടിന്റെ '3604-00-200-88-(05)-NP' എന്ന കണക്ക് ശീർഷകത്തിൽ നിന്നും അഴൂർ ഗ്രാമ പഞ്ചായത്തിന് (G010705) പുനഃരനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ ഒ ബി**
**ധനകാര്യ ഡെപ്യൂട്ടി സെക്രട്ടറി**

സ്വീകർത്താവ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
സെക്രട്ടറി, അഴൂർ ഗ്രാമ പഞ്ചായത്ത്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പഞ്ചായത്തു വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്ള്യൂ-ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ-1557569)

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ.